പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 330 12-10-2026-ൽ മറുപടിയ്ക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികളും തൊഴിൽ ദിനവും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ടി. ജെ. വിനോദ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ സമയത്ത് രജിസ്റ്റർചെയ്ത തൊഴിലാളികളുടെ എണ്ണം എത്രയാണെന്നും ഇപ്പോൾ ജോലി ചെയ്യുന്ന തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കാമോ;

<u>**മറുപടി:**</u> കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) 2006 മുതൽ നടപ്പിലാക്കി വരുന്നു. പദ്ധതി ആരംഭിച്ച സമയത്ത് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ നിലവിൽ ലഭ്യമല്ല. ലഭ്യമായ കണക്കുകൾ പ്രകാരം 2014-15 വരെ 30,26,056 (മുപ്പത് ലക്ഷത്തി ഇരുപത്തിയാറായിരത്തി അമ്പത്തിയാറ്) കുടുംബങ്ങളിലായി 56,98,928 (അമ്പത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട്) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരുന്നു. 2025- 26 വരെ 40,46,078 (നാൽപ്പത് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി എഴുപത്തിയെട്ട്) കുടുംബങ്ങളിലായി 55,63,092 (അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊണ്ണൂറ്റി രണ്ട്) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം 12,52,945 കുടുംബങ്ങൾ MGNREGS-ൽ തൊഴിൽ ചെയ്തിട്ടുണ്ട്.2026-27 വർഷത്തിൽ 40,50,568 (നാൽപ്പത് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയെട്ട്) കുടുംബങ്ങളിലായി 55,63,092 (അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊണ്ണൂറ്റി രണ്ട്) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2026 ജൂലൈ 1 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരമായി രാജ്യത്ത് വിക്സ് സിത് ഭാരത് ഗ്യാരൻറി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി നിലവിൽ വന്നിട്ടുണ്ട്.കേരള സർക്കാർ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി തുടങ്ങിയ സമയത്ത് 15285 പേരാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതുവരെ ആകെ 149084 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ 45794 പേർ ഈ പദ്ധതിയിൽ ജോലി ചെയ്യുന്നുണ്ട്.

**(ബി)** ഇവർക്ക് നൂറ് ദിവസം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ശരാശരി എത്ര ദിവസം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടില്ല.മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ 3,68,693 (മൂന്ന് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി അറുനൂറ്റി തൊണ്ണൂറ്റി മൂന്ന്) കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്. 2026-27 വർഷത്തിൽ നാളിതുവരെ 27

കുടുംബങ്ങൾ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയിട്ടുണ്ട്.സംസ്ഥാനത്ത് 2025-26 സാമ്പത്തിക വർഷത്തിൽ ഒരു കുടുംബത്തിനു ശരാശരി 62 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതിയിൽ കീഴിൽ 2025-26 സാമ്പത്തികവർഷം 7089 കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട്.

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിയ ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം ശേഖരിച്ചുവരുന്നു.

**(സി)** പുതിയ കേന്ദ്ര നിയമത്തിലെ ഭേദഗതി മൂലം ഈ പദ്ധതി തുടർന്ന് കൊണ്ടുപോകുവാൻ സാധിക്കുമോ; ഇതുമൂലം എന്തെല്ലാം വെല്ലുവിളികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സാധിക്കും. വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട്, 2025 പ്രകാരം ഗ്രാമീണ കുടുംബങ്ങൾക്കുള്ള തൊഴിൽ ദിനങ്ങൾ 100-ൽ നിന്നും 125 ആയി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും, പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സിൽ ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. MGNREGS പദ്ധതിയിൽ അവിദഗ് ധ വേതനച്ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിച്ചിരുന്ന സ്ഥാനത്ത് പുതിയ പദ്ധതിയായ VB G RAM G പദ്ധതിയിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും എന്ന അനുപാതത്തിലാണ് (60:40) ഫണ്ട് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ, സംസ്ഥാനങ്ങളുടെ യഥാർത്ഥ തൊഴിൽ ആവശ്യകത (Labour Budget) പരിഗണിച്ച് ഫണ്ട് നൽകിയിരുന്ന മുൻപത്തെ അവകാശധിഷ്ഠിത രീതിക്ക് പകരം, കേന്ദ്രം ചില സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി | നിശ്ചയിക്കുന്ന ഒരു തുക മാത്രം അനുവദിക്കുന്ന രീതിയിലേക്ക് (Normative Allocation) മാറിയിട്ടുണ്ട്. ഈ നിശ്ചിത പരിധിക്ക് മുകളിൽ വരുന്ന എല്ലാ അധികച്ചെലവുകളും പൂർണ്ണമായും അതത് സംസ്ഥാനങ്ങൾ തന്നെ വഹിക്കണമെന്ന് കർശനമാക്കിയത് സംസ്ഥാന സർക്കാരുകൾക്ക് വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കും. അതോടൊപ്പം, കാർഷിക കാലങ്ങളിൽ തൊഴിലാളികളെ ലഭ്യമാക്കാൻ ഒരു വർഷത്തിൽ 60 ദിവസങ്ങൾ പദ്ധതി നിർത്തിവെക്കാൻ പുതിയ |നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഇത്തരം നിയന്ത്രണങ്ങൾ മുൻപ് നിലവിലുണ്ടായിരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉണ്ടായിരുന്നില്ല. വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട്, 2025 പ്രകാരം പദ്ധതിയുടെ സാമ്പത്തിക ഘടനയിലും പ്രവർത്തനരീതിയിലും വന്ന ഇത്തരം മാറ്റങ്ങൾ പദ്ധതിയുടെ തൊഴിൽ ആവശ്യകതയ്ക്കനുസരിച്ചുള്ള നിർവഹണത്തിലും സംസ്ഥാനത്തിന്റെ സാമ്പത്തിക ആസൂത്രണത്തിലും വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**